10. ക്ലാസ് 4 ജീവനക്കാർക്ക് മുപ്പതു വർഷത്തെ സർവ്വീസിന് നാലാമതൊരു ഗ്രേഡ് അനുവദിച്ചു നൽകി.

11. ക്ലാസ് 4 ജീവനക്കാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 25,000 രൂപവരെ വായ്പ അനുവദിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി.

12. പെൻഷൻ ലഭിക്കുന്നതിനുവേണ്ട മിനിമം സർവ്വീസില്ലാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ് ഗ്രേഷ്യാ പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി.

13. ഫാമിലി പെൻഷൻ ആനുകൂല്യം ജീവനക്കാരുടെ അവിവാഹിതകളായ പെൺമക്കൾക്ക് ആജീവനാന്തം അനുവദിച്ചു.

14. ഡി.സി.ആർ.ജി.-യുടെ പരിധി 2.80 ലക്ഷം രൂപയാക്കി ഉയർത്തി.

15. സറണ്ടർ ചെയ്യാവുന്ന ആർജ്ജിതാവധിയുടെ എണ്ണം 15-ൽ നിന്നും 20 ആയി ഉയർത്തി.

16. ടെർമിനൽ സറണ്ടറിന്റെ പരിധി 240-ൽ നിന്നും 300 ആക്കി വർദ്ധിപ്പിച്ചു.

ഈ ആനുകൂല്യങ്ങൾ 1997 മാർച്ച് ഒന്നാം തീയതി മുതൽ പ്രാബല്യം നൽകി നടപ്പിലാക്കിയ ശമ്പള പരിഷ്കരണം വഴി വേതനത്തിലും ബന്ധപ്പെട്ട ആനുകൂല്യങ്ങളിലും നൽകിയ വർദ്ധനവിനും സേവന പരിഷ്കരണങ്ങൾക്കും കാലാകാലങ്ങളിൽ അനുവദിച്ച ക്ഷാമബത്തകൾക്കും പുറമേയുള്ളവയാണ്.

(ബി) 1200 കോടിയിലധികം രൂപ 1997-ലെ ശമ്പള പരിഷ്കരണത്തിനു വേണ്ടി ചെലവായിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) മറുപടി മുകളിൽ (എ) വിഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്.

റീജിയണൽ ക്യാൻസർ സെന്ററിന്റെ പരസ്യങ്ങൾ

7 (940) ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റീജിയണൽ ക്യാൻസർ സെന്റർ എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ഓരോ വർഷവും എന്തു തുകയ്ക്കു പരസ്യങ്ങൾ നൽകി;

(സി) ഈ കാലയളവിൽ ഏതെല്ലാം പത്രമാദ്ധ്യമങ്ങൾക്ക് റീജിയണൽ ക്യാൻസർ സെന്ററിൽനിന്നും എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നൽകി;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പരസ്യങ്ങൾ നൽകിയത് ഏതെങ്കിലും പരസ്യസ്ഥാപനങ്ങളോ മറ്റു സ്ഥാപനങ്ങളോ വഴിയായിരുന്നുവോ ;

(ഇ) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ വഴിയായിരുന്നുവെന്നും ഇവയുടെ ഉടമസ്ഥനോ മാനേജിംഗ് ഡയറക്ടറോ ഉന്നത അധികാരിയോ ആരെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) 7,86,662 രൂപയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

(ബി)

1996 - 97	4,68,378.50 രൂപ
1997 - 98	84,694.00 രൂപ
1998 - 99	8,499.50 രൂപ
1999 - 2000	45,212.00 രൂപ
2000 - 2001	1,79,878.00 രൂപ

(സി) ആർ. സി. സി. യിൽ നിന്നും പത്രമാദ്ധ്യമങ്ങൾക്ക് നൽകിയിട്ടുള്ള പരസ്യത്തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

മലയാളമനോരമ	1,86,693.50 രൂപ
മാതൃഭൂമി	73,165.00 രൂപ
കേരളകൗമുദി	38,184.50 രൂപ
ദേശാഭിമാനി	17,723.00 രൂപ
ഇൻഡ്യൻ എക്സ്പ്രസ്	3,88,846.50 രൂപ
എക്സ്പ്രസ് പബ്ലിക്കേഷൻസ്	4,410.00 രൂപ
എംപ്ലോയ്മെന്റ് ന്യൂസ്	25,208.00 രൂപ
മറ്റു പ്രസിദ്ധീകരണങ്ങൾ	52,431.50 രൂപ

(ഡി & ഇ) 1996-97, 1997-98 എന്നീ വർഷങ്ങളിൽ ഗാമാസ് അഡ്വർടൈസിംഗ് - തിരുവനന്തപുരം, ഡി.സി.സി ന്യൂസ് - തിരുവനന്തപുരം എന്നീ ഏജൻസികൾ വഴിയാണ് പരസ്യം നൽകിയിരുന്നത്. 1998-99 മുതൽ എല്ലാ പരസ്യങ്ങളും പബ്ലിക് റിലേഷൻസ് വകുപ്പുവഴിയാണ് കൊടുക്കുന്നത്. ഈ പരസ്യ കമ്പനികളുടെ ഉടമകളുടേയോ ഉന്നതാധികാരികളുടേയോ പേരുവിവരങ്ങൾ ശേഖരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly